മന്ത്രിമാർ ട്രെയിഡ് യൂണിയൻ ഭാരവാഹിത്വം വഹിക്കരുതെന്ന തീരുമാനം

* 71 [113] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാർ ട്രെയിഡ് യൂണിയൻ ഭാരവാഹിത്വം വഹിക്കരുതെന്ന് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഈ തീരുമാനം എടുത്തത്;

(സി) ഇതനുസരിച്ച് എത്ര മന്ത്രിമാർ ഇങ്ങനെ യൂണിയൻ ഭാരവാഹിത്വം രാജി വച്ചിട്ടുണ്ട്:

(ഡി) ഏതെല്ലാം മന്ത്രിമാരാണ് ഇങ്ങനെ യൂണിയൻ ഭാരവാഹിത്വം രാജി വച്ചത്;

(ഇ) ഏതെല്ലാം യൂണിയന്റെ ഭാരവാഹിത്വമാണ് രാജിവച്ചത്;

(എഫ്) മന്ത്രിമാരിൽ ആരെല്ലാം ഇന്നും ട്രെയിഡ് യൂണിയൻ ഭാരവാഹികളായി പ്രവർത്തിക്കുന്നുണ്ട്;

(ജി) ഓരോ മന്ത്രിയും യൂണിയൻ ഭാരവാഹികളായിട്ടുള്ള യൂണിയനുകളുടെ പേരും അവർ വഹിക്കുന്ന സ്ഥാനങ്ങളും വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ, ബി) മന്ത്രിമാർ ട്രെയിഡ് യൂണിയൻ ഭാരവാഹിത്വം വഹിക്കാതിരിക്കുന്നത് അഭികാമ്യമായിരിക്കും എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) ലഭ്യമായ വിവരമനുസരിച്ച് മൂന്നു മന്ത്രിമാർ.

(ഡി) സാമൂഹ്യ വികസന വകുപ്പു മന്ത്രി, തൊഴിൽ വകുപ്പു മന്ത്രി, വിദ്യാഭ്യാസ വകുപ്പു മന്ത്രി എന്നിവർ.

(ഇ) സാമൂഹ്യ വികസന വകുപ്പു മന്ത്രി: കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ എംപ്ലോയീസ് അസോസിയേഷൻ, കെ.എസ്.ആർ.ടി.സി. ഫെറി വർക്കേഴ്സ് യൂണിയൻ, കെ.എസ്. ആർ.ടി.സി. യുണൈറഡ് ലേബർ ഓർഗനൈസേഷൻ.

തൊഴിൽ വകുപ്പു മന്ത്രി: കയിലോൺ ടെക്സ്റ്റയിൽ വർക്കേഴ്സ് യൂണിയൻ, ആം കേരള കാഷ്യൂനട്ട് ഫാക്ടറി വർക്കേഴ്സ് ഫെഡറേഷൻ, കൊല്ലം, കേരള സ്റ്റേറ്റ് പ്രൈവറ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ, കൊല്ലം, കേരള പ്രൈവറ് മോട്ടോഴ്സ് ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് ഫെഡറേഷൻ, കൊല്ലം, ആം കേരള സിനിമ തിയേറർ എംപ്ലോയീസ് യൂണിയൻ, കൊല്ലം, കുണ്ടറ കാഷ്യൂ നട്ട് വർക്കേഴ്സ് യൂണിയൻ, കൊല്ലം; കൊല്ലം ഡിസ്ട്രിക്ട് ലോറി എംപ്ലോയീസ് യൂണിയൻ, കൊല്ലം; കേരള സാ മിൽ വർക്കേഴ്സ് യൂണിയൻ, കൊല്ലം; കേരള അംഗനവാടി സ്റ്റാഫ് അസോസിയേഷൻ, കൊല്ലം, കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ; ആം കേരള കയർ വർക്കേഴ്സ് ഫെഡറേഷൻ, കൊല്ലം; പ്രസ് വർക്കേഴ്സ് ഫെഡറേഷൻ, മുണ്ടക്കൽ;

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്സ് ലോഡിംഗ് ആൻറ് അൺലോഡിംഗ് ആൻറ് ജനറൽ വർക്കേഴ്സ് യൂണിയൻ, കൊല്ലം; ജില്ല കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ, കൊല്ലം; ആട്ടോ റിക്ഷാ തൊഴിലാളി യൂണിയൻ; കെൽട്രോൺ ലേബർ ഫെഡറേഷൻ (യു.ടി.യു.സി.)

വിദ്യാഭ്യാസ വകുപ്പു മന്ത്രി: കെ.എസ്.ആർ.ടി.സി. ലേബർ യൂണിയൻ.

(എഫ്) ലഭ്യമായ വിവരമനുസരിച്ച് ക്ഷേമ സിവിൽ സപ്ലൈസ വകുപ്പു മന്ത്രി, സഹകരണ വകുപ്പു മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി.

(ജി) (1) ക്ഷേമ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി: സ്വതന്ത്ര തൊഴിലാളി യൂണിയൻറെ അഖിലേന്ത്യാ പ്രസിഡൻറാണ്. കേരളത്തിലെ ഒരു യൂണിയൻറെയും ഭാരവാഹിയല്ല.

(2) സഹകരണ വകുപ്പു മന്ത്രി:

പ്രസിഡൻറ്— ടൈറാനിയം എംപ്ലോയീസ് ഫെഡറേഷൻ.
,, കേരള സ്റ്റേറ്റ് കെൽട്രോൺ ജനത എംപ്ലോയീസ് യൂണിയൻ.
,, കേരള ഖാദി ഗ്രാമ വ്യവസായ തൊഴിലാളി യൂണിയൻ.

സ്റ്റേറ്റ് പ്രസിഡൻറ്—നാഷണൽ ലേബർ ഓർഗനൈസേഷൻ. (മന്ത്രിയായതിനു ശേഷം വർക്കിംഗ് പ്രസിഡൻറുമാരാണ് ഭാരവാഹിത്വം വഹിക്കുന്നത്.)

(3) തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി:

ജനറൽ സെക്രട്ടറി— എൻ.എം.ആർ. മസ്ദൂർ സഭ, പാലക്കാട് ജില്ല.
,, തിയേറ്റർ മസ്ദൂർ സഭ, പാലക്കാട് ജില്ല.
,, റബ്ബർ എസ്റ്റേറ്റ് മസ്ദൂർ സഭ, പാലക്കാട് ജില്ല.
,, എഫ്.എ.സി.ടി. മസ്ദൂർ സഭ, പാലക്കാട്.
,, ഹോട്ടൽ മസ്ദൂർ സഭ, പാലക്കാട്.

ആർ.എൽ.ഇ.ജി.പി. റോഡ് പണി

* 72 [114] ശ്രീ. കെ.ജെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എൽ.ഇ.ജി.പി. യിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡ് പണികൾക്ക് ടാർ കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ എത്ര ടൺ ടാർ ഇതിനകം കിട്ടിയെന്ന് പറയാമോ;

(ഡി) ടാർ കിട്ടാത്തതിൻറെ പേരിൽ എത്ര റോഡ് പണി മുടങ്ങി കിടക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly